# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 7436

17.07.2012-ൽ മറുപടിയ്ക്ക്

### പയ്യന്നൂരിൽ മുസ്ലീം യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ: | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) പയ്യന്നൂരിൽ മുസ്ലീം യുവജനങ്ങൾക്കായി പ്രവർത്തിച്ചുവരുന്ന പരിശീലന കേന്ദ്രത്തിൽ കഴിഞ്ഞ ഒരു വർഷമായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ എത്ര പേർക്ക് ദിവസവേതന അടിസ്ഥാനത്തിൽ തുടരാനുള്ള അനുമതി നൽകിയിട്ടുണ്ടെന്ന് പേരും, തസ്തികയും തിരിച്ച് വിശദമാക്കുമോ; | (എ) മൂന്ന് പേർക്ക്.<br>1. ശ്രീ. എം.ടി.പി. അബ്ദുൽ നാസർ - (കമ്പ്യൂട്ടർ ഓപ്പറേറ്റർ)<br>2. ശ്രീ. പി.പി. പ്രദീപ് (എൽ.ഡി. ക്ലർക്ക്)<br>3. ശ്രീമതി. എം.ടി.സി. സീനത്ത് (പ്യൂൺ) |
| (ബി) ദിവസവേതന അടിസ്ഥാനത്തിൽ തുടർന്നിരുന്ന ജീവനക്കാരിൽ ആരെയെങ്കിലും ഒഴിവാക്കി പുതിയ ആൾക്ക് നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഒഴിവാക്കപ്പെട്ടവരുടെയും പുതുതായി നിയമിച്ചവരുടെയും പേരും തസ്തികയും വിശദമാക്കുമോ ; | (ബി) ഉണ്ട്.<br>ഒഴിവാക്കിയത് - ശ്രീ. പി.പി. പ്രദീപ് - (എൽ.ഡി. ക്ലർക്ക്)<br>പുതുതായി നിയമിച്ചത്-ശ്രീ. പി.കെ. ഉനൈസ് (എൽ.ഡി. ക്ലർക്ക്) |
| (സി) പുതുതായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ അത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നും, ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ കാരണവും വിശദമാക്കുമോ ? | (സി) ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് പ്രത്യേക മാനദണ്ഡങ്ങളൊന്നും നിലവിലില്ല. ബന്ധപ്പെട്ട ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് അനുഗുണമാവുന്ന കീഴ് വഴക്കത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയത്. തദടിസ്ഥാനത്തിലാണ് ദിവസവേതനത്തിൽ നിയമിക്കപ്പെട്ടിരുന്ന ആളിന് പകരം മറ്റൊരാളെ നിയമിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.